## നോമ്പ് ആറാം ഞായർ - മാർച്ച് 13, 2016

(യോഹ. 10:11-18)

**വചനസന്ദേശം: റവ. ബ്ര. ബ്രഹ്മകുളം ലിജോൺ**

നാട്ടിലൊരു മാഷുണ്ട്. ഒരു സ്കൂളിലും പഠിപ്പിച്ചിട്ടില്ല. എങ്കിലും എല്ലാവരും അദ്ദേഹത്തെ അങ്ങനെയാണു വിളിക്കുന്നത്. കാരണവുണ്ട്, സൂര്യനു കീഴെ ഭൂമിക്കു മുകളിൽ എന്തിനെയുംകുറിച്ച് അദ്ദേഹത്തിന് അറിവുണ്ട്. സാധാരണക്കാരുടെ ഇടയിലെ ആ അസാധാരണക്കാരനു ചിലർ ഒരു വട്ടപ്പേരും കൊടുത്തു; ഭ്രാന്തൻ മാഷെന്ന്. അദ്ദേഹത്തിന്റെ മുന്നിൽ ചെന്നുപെടുക എന്നത് ഏവരുടെയും പേടിസ്വപ്നമാണ്. കാരണം ഇടമുറിയാതെ ഇംഗ്ലീഷ് സംസാരിക്കുകയും എന്തിനെക്കുറിച്ചും ആധികാരികതയോടെ സംസാരിക്കുകയും ചെയ്യുന്ന അദ്ദേഹത്തിന്റെ മുമ്പിൽ പിടിച്ചുനില്ക്കുക എളുപ്പമല്ല എന്ന തിരിച്ചറിവുള്ളതുകൊണ്ടാണ്. പലരും വഴിമാറി നടന്നു. ഒരു ദിവസം ഞാൻ അദ്ദേഹത്തിന്റെ മുന്നിൽപ്പെട്ടു. എന്റെ അടുത്തെത്തി അദ്ദേഹം ചോദിച്ചു, താങ്കൾ ഒരു ക്രിസ്ത്യാനിയാണ് അല്ലേ? തീർച്ചയായും അതെ എന്നു മനസ്സിൽ പറഞ്ഞു ഞാൻ തലയാട്ടി. ആരാണു ക്രിസ്ത്യാനി? അദ്ദേഹം എന്നോടു വീണ്ടും ചോദിച്ചു. ക്രിസ്തുവിൽ വിശ്വസിക്കുന്നവനാണു ക്രിസ്ത്യാനി! ഞാൻ പറഞ്ഞു. എന്റെ ഉത്തരം അദ്ദേഹത്തെ തൃപ്തിപ്പെടുത്തിയില്ല എന്ന് അദ്ദേഹത്തിന്റെ മുഖഭാവത്തിൽനിന്നും ഞാൻ മനസ്സിലാക്കി. പെട്ടെന്നു മനസ്സിലേക്കു വന്ന മറ്റൊരു ഉത്തരം ഞാൻ പറഞ്ഞു. ക്രിസ്തുവിനെ അനുഗമിക്കുന്നവനും ക്രിസ്തുവിനു സാക്ഷ്യം നല്കുന്നവനുമാണു ക്രിസ്ത്യാനി! എന്നിട്ട് എന്താണു നിങ്ങൾ ഇപ്പോൾ ചെയ്യുന്നത്? അപ്രതീക്ഷിതമായിരുന്നു ആ ചോദ്യം. ഉത്തരത്തിനായി ഞാൻ പരുങ്ങിയപ്പോൾ എന്റെ മുഖത്തു നോക്കി ഇങ്ങനെ ചിരിച്ചിട്ട് ആ മനുഷ്യൻ തിരിച്ചു നടന്നു. സാമാന്യം ചൂടുണ്ടായിരുന്നിട്ടും ഞാൻ ഐസുപോലയായിപ്പോയി.

ക്രിസ്തുവിനു സാക്ഷ്യം വഹിക്കാൻ കടപ്പെട്ട ഞാനടങ്ങുന്ന ഒരു സമൂഹം അതു ചെയ്യാതെ പോകുന്നതിലുള്ള പുച്ഛം ഒരു ചിരിയിലൊതുക്കി ആ മനുഷ്യൻ നടന്നകന്നപ്പോൾ ഞാൻ തിരിച്ചറിഞ്ഞു, ചിലപ്പോഴെങ്കിലും തിരിച്ചറിവുള്ളവനെയാണു സമൂഹം ഭ്രാന്തനെന്നു വിളിക്കുന്നതെന്ന്.

നാം മറന്നു പലതും. ക്രിസ്ത്യാനിയാണ് എന്നതിന്റെ അർത്ഥം പോലും നാം സൗകര്യപൂർവം മറന്നതോ മാറ്റിവച്ചതോ ആയ കൂട്ടത്തിൽപ്പെട്ട ഒന്നാണ്. വൈദികരിലേക്കും സന്ന്യസ്തരിലേക്കും നാം ഒതുക്കിക്കളഞ്ഞ നല്ല ഇടയസങ്കല്പം. ഇതൊരു ന്യായീകരണമല്ല. മറിച്ച്, ഒരോർമ്മപ്പെടുത്തലാണ്. ഒരു ക്രിസ്ത്യാനി ഒരേസമയം കുഞ്ഞാടും ഇടയനുമാകേണ്ടവനുമാണെന്ന ഓർമപ്പെടുത്തൽ. നല്ലിടയനായ തമ്പുരാന്റെ മുമ്പിൽ ആശ്രയത്തോടെ നില്ക്കുന്ന, അവന്റെ മാറിൽ തലചായ്ക്കാൻ കൊതിക്കുന്ന ഒരു കുഞ്ഞാട്. ഒപ്പം, താൻ അനു വിച്ചറിഞ്ഞ ദൈവാനുഭവവും തമ്പുരാന്റെഇടയഭാവം മറ്റുള്ളവർക്ക് അത് ഏതു മതവിഭാഗത്തിൽപ്പെട്ടവർക്കായാലും പകർന്നുകൊടുക്കുന്ന ഒരിടയൻ. പക്ഷേ, ഇതിൽ നമുക്കു വീഴ്ച പറ്റിയിട്ടുണ്ടെന്നു സമ്മതിക്കേണ്ടി വരും. കാരണം, വഴിയിൽ അനാഥമായിക്കിടക്കുന്ന പൂച്ചക്കുഞ്ഞുമായി വീട്ടിലെത്തിയ കുഞ്ഞിനെ ശകാരിക്കുകയും കൂട്ടുകാരനുമായി ഉച്ച ക്ഷണം പങ്കുവച്ചതിന് അവനോടു കലഹിക്കുകയും ചെയ്യുന്ന മാതാപിതാക്കൾ അതിന്റെ തെളിവുകളാണ്. ഒരുവനിലെ ഇടയഭാവത്തെ നുള്ളിക്കളയുകയല്ല അതു വളർത്തുകയാണു നാം ചെയ്യേണ്ടത്. അതിനു ക്രിസ്തുവിന്റെ ഇടയഭാവത്തിന്റെ ആർദ്രത തിരിച്ചറിയാനാകണം.

ക്രിസ്തുവിന്റെ ഇടയഭാവത്തിനു മൂന്നു തലങ്ങളുണ്ടെന്നു തോന്നുന്നു. ആദ്യത്തേതു തിരിച്ചു നടത്തേണ്ടവനാണ് ഒരിടയൻ – ഓർക്കുന്നില്ലേ സക്കേവൂസിനെ കടന്നു പോകേണ്ടവനായിരുന്നു ക്രിസ്തു. എന്നിട്ടും അവിടുന്നു തിരിച്ചു നടക്കുന്നുണ്ട്, സക്കേവൂസിന്റെ  വനത്തിലേക്ക്. നഷ്ടപ്പെട്ട ഒരാടിനുവേണ്ടി തിരിച്ചുനടക്കുന്ന, അവനെ പാപത്തിന്റെ പടുകുഴിയിൽ നിന്നും ദൈവാനുഭവത്തിന്റെ ആനന്ദത്തിലേക്കു കൈപിടിച്ചു നടത്തുന്ന ക്രിസ്തുവിന്റെ ഇടയഭാവം എത്ര സുന്ദരമാണ്. ഓരോ ക്രിസ്ത്യാനിയും തിരിച്ചു നടക്കാൻ സാധിക്കേണ്ടവനാണ് – കടന്നുപോകാമായിരുന്നിട്ടും തിരിച്ചുനടന്ന ഒരുമിച്ചു നടക്കേണ്ട സഹോദരനെ പാപത്തിന്റെ തിന്മയുടെ കുഴിയിൽനിന്നു പിടിച്ചുകയറ്റാൻ, ദൈവസ്നേഹത്തിന്റെ ആർദ്രത അവനുമായി പങ്കുവച്ച് അവനെ ദൈവത്തിനുവേണ്ടി നേടാൻ തിരിച്ചുനടക്കാൻ  സാധിക്കട്ടെ.

രണ്ടാമതായി, കാത്തുനില്ക്കുന്നവനാണ് ഒരിടയൻ. ഈ സുവിശേഷത്തിന്റെ ഇതളുകൾ പുറകിലോട്ടു മറിക്കുമ്പോൾ കണ്ടുമുട്ടുന്നുണ്ടു ക്രിസ്തുവിന്റെ ആ കാത്തിരിപ്പ്. യാക്കോബിന്റെ കിണറ്റിൻകരയിൽ പൊള്ളുന്ന ചൂടത്തും സമരിയക്കാരിക്കുവേണ്ടി കാത്തിരിക്കുന്ന തമ്പുരാനെ. ചില കാത്തിരിപ്പുകൾ ഓരോ ക്രിസ്ത്യാനിക്കും അനിവാര്യമാണ്. രക്ഷയുടെ സമൂഹത്തിൽ നിന്നും അകലെയായിരിക്കുന്നവൻ ഒപ്പമെത്താൻ, അടുത്തെത്താൻ കാത്തിരിക്കണം. അവനും തമ്പുരാന്റെ സ്നേഹം പങ്കുവച്ചു കൂടെ കൂട്ടണം രക്ഷയുടെ പാതയിൽ ഒപ്പം ചരിക്കാൻ.

മൂന്നാമത്തേത്, മുന്നോട്ടോടേണ്ടവനാണ് ഒരിടയൻ. എമ്മാവൂസ് യാത്രയിൽ നാം തിരിച്ചറിയുന്നത്, അടുത്തെത്തി, അവരുടെ ഒപ്പം യാത്ര ചെയ്ത് അന്ധകാരത്തിന്റെ വഴിയിൽ നിന്നും പ്രകാശത്തിലേക്ക് അവരെ തിരികെ കൊണ്ടുവരുന്ന ക്രിസ്തുവിനെ ചില മുന്നോട്ടങ്ങൾ ഒരു ക്രിസ്ത്യാനി ചെയ്യേണ്ടിവരും. കാരണം രക്ഷയുടെ മാർഗം വിട്ടു മുമ്പേ ഗമിക്കുന്ന, അന്ധകാരത്തിലേക്കു യാത്ര ചെയ്യുന്ന പലരെയും ഒപ്പമെത്തി തിരികെ പ്രകാശത്തിലേക്കു കൊണ്ടുവരണമെങ്കിൽ ചില മുന്നോട്ടങ്ങൾ കൂടിയേ തീരൂ.

ഓരോ ക്രിസ്ത്യാനിയും ക്രിസ്തുവിന്റെ ഇടയഭാവത്തിന്റെ ആർദ്രത തിരിച്ചറിഞ്ഞ്, ചില തിരിച്ചു നടക്കലിലൂടെ, കാത്തിരിപ്പുകളിലൂടെ, മുന്നോട്ടങ്ങളിലൂടെ ആ ഇടയഭാവത്തിന്, ഇടയചിത്രത്തിനു മിഴിവു പകരുമ്പോൾ സാധിതമാക്കുക, നിവർത്തിതമാക്കുക തമ്പുരാന്റെ ഒരിടയനും ഒരജഗണവും എന്ന സ്വപ്നമാണെന്നതു നമുക്ക് ആവേശം പകരട്ടെ. ആ ഇടയ ാവത്തിന്റെആർദ്രതയെ അതിന്റെ തീവ്രതയോടെ മറ്റുള്ളവരിലേക്കു പകർന്നു കൊടുക്കാൻ അതിനു സാധിച്ചാൽ ഇനിയുള്ള കാലത്ത് ഒരാൾക്ക് ഒരു ക്രിസ്ത്യാനിയുടെയും മഖത്തു നോക്കി പുച്ഛിച്ചു ചിരിക്കാൻ സാധിക്കില്ല, തീർച്ച.

അവസരങ്ങൾ പരിമിതങ്ങളാണ്. ചില അവസരങ്ങൾ തീർത്തും അപൂർവവും. സഭയിലൂടെ ലോകം മുഴുവനും അന്വർത്ഥമാകേണ്ട ഇടയസങ്കല്പത്തിനു ക്രിസ്തുവിന്റെ വികാരി കാരുണ്യവർഷമെന്നു വിശേഷിപ്പിക്കുമ്പോൾ ഇത് അനുയോജ്യമായ അവസരമാണെന്നറിയുക. ക്രിസ്തുവിന്റെ നല്ലിടയചിത്രത്തിനു കൂടുതൽ മിഴിവേകാനുള്ള ഒന്ന് എന്നു തിരിച്ചറിയുക. ക്രിസ്തു അനുയായി എന്ന നിലയിൽ എന്റെ നിയോഗം വലുതാണെന്ന്. ഇറങ്ങിത്തിരിക്കുക, ചങ്കുറപ്പോടെ തമ്പുരാനുവേണ്ടി ജീവിക്കാൻ. അവിടുത്തെ ഇടയഭാവത്തിനു കൂടുതൽ മിഴിവു പകരാൻ.